ശ്രീ. എസ്. വരദരാജൻ നായർ: കേന്ദ്രഗവൺമെന്റ് ഇൻകം ടാക്സ് തീരുമാനിക്കുന്നത് എങ്ങനെയാണെന്നുള്ളതിനെപ്പറ്റി ഞാൻ നിർദ്ദേശിക്കേണ്ട കാര്യമുണ്ടോ?

ശ്രീ. സേവ്യർ അറയ്ക്കൽ: നമ്മുടെ സംസ്ഥാനത്തുള്ള കർഷകർ പലയിനങ്ങളിലായി അഞ്ചു നികുതികളം കൊടുക്കുന്നുണ്ട്. കഴിഞ്ഞ അസംബ്ലിയിൽ ഞാൻ ചോദിച്ചതാണ് അതു ഏകീകരിക്കാൻ സാധിക്കുമോ എന്ന്. കാർഷികാദായനികുതിയുടെ പരിധി 8,000 രൂപയെന്നാണ് ഇപ്പോഴും പറയുന്നത്. അതും കണക്കിലെടുത്തുകൊണ്ട് 8,000 രൂപയെന്നുള്ളത് 10,000 ആക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: മറുപടി പറഞ്ഞ കാര്യമാണ്. കാർഷികേതര ഇൻകം ടാക്സ് അനുസരിച്ച് 10,000 രൂപയാണ് ലിമിറ്റെങ്കിലും 10,000 രൂപയിൽ കൂടുതലാണ് വരുമാനമെങ്കിൽ 8,000 രൂപ മുതൽ ടാക്സ് ചെയ്യും. അങ്ങനെയൊരു ഡിഫറൻസിയേഷൻ വേണ്ട എന്നുള്ളതുകൊണ്ട് 8,000 രൂപ തന്നെ പരിധിയായി വച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: തെങ്ങുണ്ടെങ്കിൽ നാൽപതു തേങ്ങ; ഒരു കമുകിനു 300 അടയ്ക്ക; ഒരു കുരുമുളക് കൊടിക്ക് 2 കിലോ കുരുമുളക് ഇത്തരത്തിലാണ് ഇപ്പോഴും നികുതി. അതു മാറ്റി യഥാർത്ഥമായ കാർഷികോൽപാദനത്തിനു നികുതി ഈടാക്കാൻ ഒരുങ്ങുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ചോദ്യമാണോ എന്നു എനിക്കറിയില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ചോദ്യമാണ്. മന്ത്രിക്ക് മനസ്സിലായില്ലെങ്കിൽ ഒന്നുകൂടി ചോദിക്കാം. ഒരു തെങ്ങിനു 40 തേങ്ങ, ഒരു കമുകുണ്ടെങ്കിൽ 300 അടയ്ക്ക എന്ന രീതിയിൽ ആണ് ഇന്നു നികുതി ചുമത്തുന്നത്. ഇതിനു മുകളിൽനിന്നു ടാർജെറ്റ് നിശ്ചയിച്ചുകൊടുക്കുകയാണ്, കണ്ണൂർ ജില്ലയിൽനിന്ന് 6 കോടി പിരിക്കണം എന്നും മറ്റും. അശാസ്ത്രീയമാണിത്. അതുകൊണ്ട് യഥാർത്ഥ കാർഷികോൽപാദനത്തിനു നികുതി ഈടാക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: സർ, അങ്ങനെയുള്ള നിർബന്ധമൊന്നുമില്ല. ഓരോ കൊല്ലവും ഇത്ര ശതമാനം കൂടുതൽ വരും എന്നൊരു പ്രതീക്ഷയുണ്ട്. ആ പ്രതീക്ഷയുടെ ടാർജെറ്റുമാത്രമേ അതാതു ഉദ്യോഗസ്ഥൻമാർ അറിയിക്കാറുള്ളൂ. അതു മുഴുവനും പിരിക്കണമെന്നുള്ള നിർബന്ധമൊന്നുമുണ്ടായിട്ടല്ല. ഇത്രയുമാണ് പ്രതീക്ഷിക്കുന്നത് എന്നു നിർദ്ദേശം കൊടുക്കുന്നുവെന്നേയുള്ളൂ.

റെഗുലേറ്റഡ് മാർക്കറ്റ്

*22 [24] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ഡാ. കെ. ജി. അടിയോടി:

ശ്രീ. ജി. പി. മംഗലത്തുമഠം:

,, റ്റി. എച്ച്. മുസ്തഫാ:

,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) റെഗുലേറ്റഡ് മാർക്കറ്റിനെ സംബന്ധിച്ചുള്ള പഠനം പൂർത്തിയായോ;

(ബി) അതു നടപ്പിലാക്കുന്നതിനുള്ള അംഗീകാരം നൽകിക്കഴിഞ്ഞുവോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഈ പരിപാടി നിലവിലുള്ളത്;

(ഡി) നമ്മുടെ സംസ്ഥാനം പൂർണ്ണമായും ഈ പദ്ധതിയുടെ കീഴിൽ എപ്പോഴം വരും?

കൃഷി വകുപ്പ് മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): (എ, ബി) റെഗുലേറ്റഡ് മാർക്കറ്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു വിദഗ്ധക്കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) മലബാർ ഏരിയായിലുള്ള പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ്.

(ഡി) കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതനുസരിച്ചു ഇക്കൊല്ലം മുതൽ പടിപടിയായി സംസ്ഥാനത്തൊട്ടാകെ ഈ സമ്പ്രദായം ഏർപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചു ഇടത്തട്ടുകാരെ ഒഴിവാക്കുന്നതു അനുഭവത്തിൽ നല്ലതാണെന്നു തെളിയിച്ചിട്ടുള്ള ഈ സംവേം നടപ്പിലാക്കുവാൻ കേന്ദ്രഗവൺമെന്റിൽനിന്നും അനുവാദം കിട്ടുവാൻ എന്താണ് താമസം. കേന്ദ്രത്തിനു ഈ കാര്യത്തിൽ എന്തെങ്കിലും എതിർപ്പുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അതനുസരിച്ച് ഒരു ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ ബിൽ ഉടനെതന്നെ കേന്ദ്രത്തിൽ അയച്ചു പ്രസിഡൻറിന്റെ അനുമതി കിട്ടിയതിനുശേഷം അസംബ്ലിയിൽ കൊണ്ടു വരുന്നതാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: ഇതൊരു നല്ല കാര്യമായതുകൊണ്ട് എല്ലാ ജില്ലകളിലുമുള്ള ആളുകൾക്ക് ഗുണം കിട്ടുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കൂടേ?

ശ്രീ. എ. എൽ. ജേക്കബ്: ക്രമേണ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളുടെ വിവിധ പ്രദേശങ്ങളിലേക്ക് ഇതു ബാധകമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതു ശരിയായതിനുശേഷം മറ്റു സ്ഥലങ്ങളിലേക്കും ബാധകമാക്കുന്നതാണ്.

ശ്രീ. പി. ടി. കുഞ്ഞുട്ടിഹാജി: മലബാർ പ്രദേശത്തെ കൃഷിക്കാർക്ക് ഇതുകൊണ്ട് യാതൊരു ഉപയോഗവും ഇല്ലായെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതു എടുത്തുകളയുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള കമ്മിറ്റി കാര്യമായി പ്രവർത്തിക്കുന്നില്ല. അതിന്റെ ചെയർമാൻ കളക്ടർ ആണ്. അവിടെ പറയത്തക്ക പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: ഇടുക്കി ജില്ലയിൽ റെഗുലേറ്റഡ് മാർക്കറ്റ് ഏർപ്പെടുത്തുന്നതിനെക്കുറിച്ചു പ്രത്യേകമായി ചില കമ്മിറ്റി പഠിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിന്റെ സ്ഥിതി ഇപ്പോൾ എന്താണ്?

ശ്രീ. എ. എൽ. ജേക്കബ്: ഇടുക്കി ജില്ലയിൽ റെഗുലേറ്റഡ് മാർക്കറ്റ് ഏർപ്പെടുത്തുന്നതിന് പഠിച്ച് റിപ്പോർട്ട് നൽകുവാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് 18-7-1973-ൽ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് ഉടനെ ചെയ്യുന്നതാണ്.

ശ്രീ. കൊറമ്പയിൽ അഹമ്മദുഹാജി: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, വിദഗ്ധക്കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണനയിലാണെന്ന്. അങ്ങനെയാണെങ്കിൽ എന്തടിസ്ഥാനത്തിലാണ് മലബാർ പ്രദേശത്ത് നടപ്പിലാക്കിയത്?

ശ്രീ. എ. എൽ. ജേക്കബ്: മലബാർ പ്രദേശത്തു പണ്ടേ ഉള്ളതാണ്. പുതിയതല്ല.

ശ്രീ. പി. ശങ്കർ: ഇൻഡ്യയിൽ ആകെ നാലായിരത്തോളം വിപണന കേന്ദ്രങ്ങളുണ്ട്. എന്നാൽ കേരളത്തിൽ 4 എണ്ണമേയുള്ളു. ഇതു പരിശോധിക്കുവാൻ 1972-ൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി 1975-ൽ റിപ്പോർട്ട് കൊടുക്കുകയും 1977-ൽ കേരള ഗവൺമെൻറ് അതു നടപ്പിലാക്കാമെന്നു തീരുമാനിക്കുകയും ചെയ്തു. ആ നടപടി ഇപ്പോൾ എത്രത്തോളമായി എന്നു പറയാമോ?

ശ്രീ. എ. എൽ. ജേക്കബ്: കേരളത്തിൽ നാലെണ്ണമല്ല ആറെണ്ണമാണുള്ളത്, ഇതിനുവേണ്ട ബിൽ ശരിയായിക്കഴിഞ്ഞാൽ കേരളത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: കൃഷിക്കാരുടെ ഉൽപന്നം എടുക്കുമ്പോൾ തന്നെ വിലകൊടുക്കുവാൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഉല്പന്നം എടുക്കുമ്പോൾ എങ്ങനെ വിലകൊടുക്കുവാൻ കഴിയും. ഉല്പന്നം എടുത്ത് വിറ്റതിനുശേഷമേ വിലകൊടുക്കുവാൻ കഴിയൂ.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: റെഗുലേറ്റഡ് മാർക്കറ്റ് ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ ഉല്പന്നങ്ങൾ മാർക്കറ്റിൽ കൊണ്ടുവന്ന് വിൽക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എ. എൽ. ജേക്കബ്: അതിന് മറുപടി പറയുവാൻ നോട്ടീസ് വേണം.

ശ്രീ. എം. കെ. കൃഷ്ണൻ: ബഹുമുഖ വിലനിയന്ത്രണത്തിൽ നിന്നും നമ്മുടെ രാജ്യത്തെ സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുവാനും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നികുതി വെട്ടിപ്പ് ഇല്ലാതിരിക്കുന്നതിനുംവേണ്ടി വിദഗ്ധക്കമ്മിറ്റി കൊണ്ടുവന്ന നിർദ്ദേശമാണ് റെഗുലേറ്റഡ് മാർക്കറ്റ്. ജനങ്ങളെ രക്ഷിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കൊണ്ടുവന്ന ഒരു നിർദ്ദേശമെന്ന നിലയിൽ റെഗുലേറ്റഡ് മാർക്കറ്റ് എന്ന നിർദ്ദേശം പരിഗണനയിലാണെന്ന് പറഞ്ഞു. ഇത് അടിയന്തിരമായി നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിനുവേണ്ടി ഒരു ബിൽ തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. അത് ഉടനെതന്നെ കേന്ദ്രത്തിൽ അയച്ച് പ്രസിഡൻറിന്റെ അനുമതി വാങ്ങിയശേഷം ആരംഭിക്കുന്നതാണ്.

മണ്ണെണ്ണ, സിമൻറ്, പെട്രോൾ തുടങ്ങിയവയ്ക്കുള്ള ക്ഷാമം

* 23 [25] ശ്രീ. പി. സി തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ, സിമൻറ്, പെട്രോൾ തുടങ്ങിയവയ്ക്ക് ഇന്ന് ക്ഷാമ മുണ്ട് എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ക്ഷാമം പരിഹരിക്കുന്നതിനും കരിഞ്ചന്ത അവസാനിപ്പി ക്കുന്നതിനും ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ്മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അടുത്തകാലംവരെ മണ്ണെണ്ണ റേഷൻകാർഡ് ഉള്ളവർക്കും ഇല്ലാത്തവർക്കും ഒരു ടിൻ വരെ റേഷൻകടയിൽനിന്നോ മൊത്തവ്യാപാരി യിൽനിന്നോ വാങ്ങാനുള്ള സംവിധാനം ഉണ്ടായിരുന്നു. ഈ സംവിധാനം മണ്ണെണ്ണയുടെ ദുരുപയോഗം വർദ്ധിപ്പിക്കുകയും, പെട്രോളിൽ മായം ചേർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെട്ടതിനാൽ പ്രസ്തുത ഏർപ്പാട് നിറുത്തലാക്കി. പകരം പാചകാവശ്യ ങ്ങൾക്കും, കൃഷിയാവശ്യങ്ങൾക്കും, വ്യവസായകാര്യങ്ങൾക്കും, ഹോട്ടലുടമ കൾക്കും പെർമിറ്റടിസ്ഥാനത്തിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

റേഷൻ കടയിലേയും മണ്ണെണ്ണ മൊത്തവ്യാപാരിയുടേയും കണക്കുകൾ പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടു ത്തിട്ടുണ്ട്.

സംസ്ഥാനത്തുനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് പെട്രോളിയം ഉല്പന്നങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് തടയാനായി അതിർത്തിയിലെ ചെക്ക്പോസ്റ്റുകളിൽ സിവിൽസപ്ലൈസ് ഇൻസ്പെ ക്ടർമാരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

കൂടാതെ 1979-ലെ കേരളാ മോട്ടോർ സ്പിരിറ്റ് ആൻറ് ഹൈസ്പീഡ് ഡീസൽ ഓയിൽ (മെയിൻറനൻസ് ആൻറ് റെഗുലേഷൻ ഓഫ് സപ്ലൈസ്) ഓർഡർ പ്രകാരം പെട്രോളിന്റെ വിതരണം, കൈവശം വയ്ക്കുക, കൊണ്ടുപോവുക എന്നിവയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടു ത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly